(ബി) ഓരോ പദ്ധതിയുടെയും മതിപ്പ് ചെലവും ഇതുവരെ ചെലവാക്കിയ തുകയും താഴെ ചേർത്തിരിക്കുന്നു:

പദ്ധതി	മതിപ്പ് ചെലവ് (ലക്ഷം രൂപയിൽ)	ചെലവായ തുക (31-5-2005 വരെ) (ലക്ഷം രൂപയിൽ)
തിരുവനന്തപുരം	20429	8.41
മീനാട്	16216	79.36
ചേർത്തല	24297	130.85
കോഴിക്കോട്	42840	1079.34
പട്ടുവം	20384	430.02

ഇതു കൂടാതെ എല്ലാ സ്കീമിനുംകൂടി ചെലവാക്കിയ തുക (കൺസൾട്ടൻസി ചാർജസ്, ഉദ്യോഗസ്ഥരുടെ ശമ്പളം മുതലായവ) 4031.76 ലക്ഷം രൂപ

ആകെ 5759.74 ലക്ഷം രൂപ

(സി) എല്ലാ പദ്ധതികളും 2007-2008 അവസാനം പൂർത്തീകരീക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

എൽ.ഐ.സി. നബാർഡ് എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതികൾ

53 [510] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയിൽ എൽ.ഐ.സി. ധനസഹായത്തോടെ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനപുരോഗതിയെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) രാമന്തളിയിലെ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവർത്തന പുരോഗതിയെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പടിക്കപ്പാറ ശുദ്ധജല വിതരണ പദ്ധതി ആക്സിലറേറ്റഡ് അർബൻ വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഡി) മാടായി ഗ്രാമപഞ്ചായത്തിനെക്കൂടി പട്ടുവം ജപ്പാൻ കുടിവെള്ളപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ പദ്ധതിക്ക് 6-12-1999-ൽ 991 ലക്ഷം രൂപ മതിപ്പ് ചെലവിൽ ഭരണാനുമതിയും 19-12-1999-ൽ സാങ്കേതികാനുമതിയും നൽകുകയുണ്ടായി. എച്ചിലാംവയൽ എന്ന സ്ഥലത്ത് ജലസംഭരണിയുടെ നിർമ്മാണത്തിന് ഉദ്ദേശിച്ചിരുന്ന സൈറ്റ് സംഭരണിയുടെ സ്ഥാനത്തിന് യോജിച്ചതല്ലെന്ന് കണ്ടതിനാൽ പ്രസ്തുത സംഭരണിക്കായി നെല്ലിയാട്ടുപാറ എന്ന സ്ഥലത്ത് പുതിയ സൈറ്റ് കണ്ടെത്തുകയും അതുപ്രകാരം പുതിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. സംഭരണിക്കായി തെരഞ്ഞെടുത്ത 2 സൈറ്റുകൾ തമ്മിൽ എലിവേഷനിൽ വ്യത്യാസം വന്നതിനാൽ (ലെവൽ ഡിഫ്രൻസ്) പദ്ധതി റീഡിസൈൻ ചെയ്യേണ്ടതായി വന്നു. ഏഴിമല നേവൽ അക്കാഡമിക്കായുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ഉറവിടം തന്നെയാണ് ഈ പദ്ധതിക്കായും നിശ്ചയിച്ചിരിക്കുന്നത്. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് എ. യു. ഡബ്ല്യു. എസ്. പി. നോംസ് പ്രകാരം ഐ.പി.ഡി. വിഭാഗം തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(ബി) ഏഴിമല നേവൽ അക്കാഡമിയിലേക്കുള്ള ഗ്രാവിറ്റി മെയിനിൽ നിന്നാണ് ഈ പദ്ധതിക്കാവശ്യമായ ശുദ്ധജലം സംഭരിക്കുന്നത്. മൂന്ന് ജലസംഭരണികളിൽ 2 എണ്ണം പൂർത്തിയായി. ഒരെണ്ണത്തിന്റെ പ്രവർത്തി ആരംഭിച്ചു. പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ വിതരണ ശൃംഖല എന്നിവ ടെന്റർ ചെയ്തു.

(സി) ഈ പദ്ധതിക്കുവേണ്ടി 140 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന പി. ഇ. ആർ., എസ്. എൽ. എസ്. സി. യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ 55 ലക്ഷം രൂപയ്ക്ക്മേൽ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് എസ്. എൽ. എസ്. സി. യിൽ സമർപ്പിക്കണമെന്നതിനാൽ പ്രസ്തുത പദ്ധതി എ. യു. ഡബ്ല്യു. എസ്. പി. യിൽ ഉൾപ്പെടുത്തി വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ഡി) മാടായി ഗ്രാമപഞ്ചായത്ത് പട്ടുവം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. ജെ. ബി. ഐ. സി. പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷമേ മാടായി പഞ്ചായത്തിനുവേണ്ട ശുദ്ധജലം ഈ പദ്ധതിയിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

പൈപ്പ് പൊട്ടുന്നത് പരിഹരിക്കാൻ നടപടി

54 [511] ശ്രീ. ജോർജ് ജെ. മാത്യൂ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ്:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽ എവിടെയെങ്കിലും പൈപ്പ് പൊട്ടി ലീക്ക് അനുഭവപ്പെടുന്നതായി വാട്ടർ അതോറിറ്റിയെ അറിയിക്കുന്നപക്ഷം ആ ലീക്ക് ഉടനടി പരിഹരിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly